പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 164 7/08/2017 ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജ് അനുമതി കോഴ/അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽചില രാഷ്ട്രീയ നേതാക്കൾ നടത്തിയതായി പറയപ്പെടുന്ന മെഡിക്കൽ കോളേജ് അനുമതി കോഴ/അഴിമതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു സംബന്ധിച്ച പരാതികൾ എത്ര; എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |
| (ബി) | പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, തിരുവനന്തപുരം ജില്ലയിലെ എസ്.ആർ.എഡ്യൂക്കേഷൻ ട്രസ്റ്റ് തുടങ്ങി എത്ര കോളേജുകളുടെ അനുമതി ഉറപ്പാക്കാനാണ് പ്രസ്തുത കോഴ വിവാദം ഉണ്ടായത് എന്നും, ഇതിൽ ആരോപണവിധേയരായ നേതാക്കൾ ആരെല്ലാം എന്നും, ഇവരുടെ അഴിമതി പ്രവൃത്തികൾ കണ്ടെത്താൻ ആഭ്യന്തര വകുപ്പ് എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | | |
| (സി) | ഇതോടൊപ്പം ജൻഔഷധി പദ്ധതി നടത്തിപ്പിലും സംസ്ഥാനത്ത് വ്യാപക ക്രമക്കേട് നടന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; | (സി) യും (ഡി) യും | ഇക്കാര്യത്തിൽ നിലവിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ എന്തെല്ലാം എന്നും, ഇതിലെ ആരോപണവിധേയർ ആരെല്ലാം എന്നും, സർക്കാർ എന്ത് അന്വേഷണം നാളിതുവരെ നടത്തി എന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഇ) | ഇത്തരം കോഴ വിവാദങ്ങളിൽ എത്ര കോടി തുകയുടെ കോഴ നടന്നതായി ആരോപണമുണ്ടായിരുന്നു എന്നു വ്യക്തമാക്കുമോ? | ഇ) | തിരുവനന്തപുരം ജില്ലയിൽ എസ്.ആർ എഡ്യൂക്കേഷണൽ ആൻറ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരം വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞു 17 കോടി രൂപ ആവശ്യപ്പെട്ടുകയും 5.6 കോടി അഡ്വാൻസായി കൺസൽട്ടൻറ് വിനോദിൽ നിന്നും ആർ.എസ് വിനോദിന് നൽകിയതായും പാലക്കാട് ജില്ലയിലെ ചെറുപ്പളശേരിയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിന് അംഗീകാരം നേടുന്നതിന് ബി.ജെ.പി നേതാവായ ശ്രീ.എം.ടി.രമേശ് 5 കോടി രൂപ കൈപ്പറ്റി എന്നും മറ്റുമാണ് ആരോപണങ്ങൾ. |

Rashmi

**സെക്ഷൻ ഓഫീസർ**